# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4142 16.05.17 ൽ മറുപടിയ്ക്ക്

**മോട്ടോർ വാഹന വകുപ്പിന്റെ ആധുനികവത്ക്കരണം**

| ചോദ്യം<br>ശ്രീമതി. പി. അയിഷാ പോറ്റി | | മറുപടി<br>ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|
| മോട്ടോർ വാഹന വകുപ്പിന്റെ ആധുനികവത്ക്കരണത്തിന് സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ വിശദീകരിക്കുമോ ; | (എ) | കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളുവാനായി വകുപ്പ് കമ്പ്യൂട്ടർവത്കരിച്ചു. ഇ-പെയ്മെന്റ് സംവിധാനം നടപ്പിലാക്കൽ, കമ്പ്യൂട്ടർവത്കൃത വാഹന പരിശോധന കേന്ദ്രങ്ങളും ഡ്രൈവർ ടെസ്റ്റിങ് ട്രാക്കുകളും സ്ഥാപിക്കൽ, ഇന്റർസെപ്റ്റർ, ആൽക്കോമീറ്റർ, സ്പീഡ് റഡാർ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങൽ, സ്പീഡ് ക്യാമറകൾ സ്ഥാപിക്കൽ, തുടങ്ങിയ ആധുനികവത്കരണ പരിപാടികൾ നടപ്പിലാക്കി. അപകട സാധ്യതയുള്ള ചരക്കുകൾ വഹിക്കുന്ന വാഹനങ്ങളെ നിരീക്ഷിക്കുന്നതിനായി മോട്ടോർ വാഹന ചെക്ക്പോസ്റ്റുകളിൽ "ആർഎഫ്ഐഡി" സംവിധാനം നടപ്പിലാക്കൽ, സ്റ്റേജ് ക്യാരേജ് വാഹനങ്ങളുടെ നീക്കം നിരീക്ഷിക്കുന്നതിനായി 'ജി.പി.എസ് ട്രാക്കിംഗ്' സംവിധാനം നടപ്പിലാക്കൽ ,ഡിജിറ്റൽ പെയ്മെന്റ് ആയ 'പോയിന്റ് ഓഫ് സെയിൽ' സംവിധാനം നടപ്പിലാക്കൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും ഡ്രൈവിങ് ലൈസൻസും 'സ്മാർട്ട് കാർഡായി' നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കൽ തുടങ്ങിയവയും പരിഗണനയിലുണ്ട്. |
| റോഡ് സേഫ്റ്റി ഉറപ്പുവരുത്തുന്നതിന് മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്? | (ബി) | അമിതവേഗത റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കികൊണ്ട് വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും, ഹെവി വാഹനങ്ങളിലും, സ്കൂൾ |

| | | |
|---|---|---|
| | | വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും, അമിതവേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലനങ്ങളിൽ അമിത വേഗതക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.<br>റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന ലോകാരോഗ്യസംഘടന തുടക്കമിട്ട പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും മോട്ടോർ വാഹന വകുപ്പിനനുവദിച്ച ഫണ്ടുപയോഗിച്ച് പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾ, മുതലായവ നടപ്പിലാക്കി വരുന്നു. ഇതിനു പുറമേ ടിപ്പർ ലോറിയിലെയും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങളിലെയും ഡ്രൈവർമാർക്കും പരിശീലനം കൊടുത്തുവരുന്നു. മദ്യപിച്ചും, അശ്രദ്ധമായും വാഹനം ഉപയോഗിയ്ക്കുന്നവർക്കെതിരെ ലൈസൻസ് കണ്ടുകെട്ടുക, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ നടപ്പിലാക്കി വരുന്നു.<br>ജില്ലാതലത്തിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും, മേഖലാതലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനു പുറമെ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച്, മറ്റു വകുപ്പുകളുടെ |

| | | |
|---|---|---|
| | | സഹായത്തോടു കൂടി തിരുത്തൽ നടപടികൾ എടുക്കുന്നതിനു വേണ്ട നടപടികളും സ്വീകരിച്ചു വരുന്നു.<br>റോഡപകടങ്ങൾ നിയന്ത്രിയ്ക്കുന്നതിനും റോഡ് സുരക്ഷാ നടപടികൾ കൂടുതൽ ഫലവത്തായി നടത്തുന്നതിനും വകുപ്പിന് ഒരു എൻഫോഴ്സ്മെന്റ് വിങ്ങ് അനുവദിയ്ക്കുകയും പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്. |
| സംസ്ഥാനത്ത് പുതിയ ജോയിന്റ് ആർ.ടി. ആഫീസുകൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | ഇതു സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല. ആവശ്യകത വിലയിരുത്തിയും സർക്കാരിന്റെ സാമ്പത്തികനില കണക്കിലെടുത്തും മാത്രമേ പുതിയ ജോയിന്റ് ആർ.ടി.ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിയ്ക്കാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ